REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **28-11-2025** **സമയം** **12.30 PM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കർണാടകയും, ഗോവയും സന്ദർശിക്കും.**
- **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയാകവെ മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ രംഗം കൂടുതൽ സജീവമാക്കി.**
- **യുവതിയുടെ പീഡന പരാതിയിൽ രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്കെതിരെ പൊലീസ് കേസ് രജിസ്റ്റർ ചെയ്തു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് മറ്റന്നാൾ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും.**
- **ശബരിമലയിൽ അന്നദാനത്തിന്റെ ഭാഗമായി ചൊവ്വാഴ്ച മുതൽ ഭക്തർക്ക് സദ്യ വിളമ്പുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. K ജയകുമാർ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കർണാടകയും, ഗോവയും സന്ദർശിക്കും. ഉഡുപ്പി ശ്രീകൃഷ്ണ മഠം സന്ദർശിക്കുന്ന അദ്ദേഹം, തുടർന്ന് ഗോവയിലെ ശ്രീ സംസ്ഥാൻ ഗോകർണ പാർത്ഥഗലി ജീവോത്തം മഠത്തിന്റെ 550-ാം വാർഷികാഘോഷങ്ങളിലും സംബന്ധിക്കും. മഠത്തിൽ 77 അടി ഉയരത്തിൽ നിർമ്മിച്ച ശ്രീരാമ പ്രതിമയും നരേന്ദ്രമോദി അനാവരണം ചെയ്യും.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനം നാളെ ആരംഭിക്കും. റായ്പൂരിൽ പൊലീസ് മേധാവികളുടെയും, IG മാരുടെയും 60-ാമത് അഖിലേന്ത്യാ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. മികച്ച

സേവനത്തിന് രാഷ്ട്രപതിയുടെ പുരസ്കാരം നേടിയവർക്ക് പ്രധാനമന്ത്രി, മെഡലുകൾ സമ്മാനിയ്ക്കും. കേന്ദ്രമന്ത്രി അമിത്ഷായും, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ഇൻഡോ - പസഫിക് രാജ്യങ്ങൾ ഇന്ത്യയെ വിശ്വസനീയ പങ്കാളിയായി കണക്കാക്കുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ ചാണക്യ ഡിഫൻസ് ഡയലോഗ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മുൻനിര സാങ്കേതിക പുരോഗതിയുടെയും, തത്വാധിഷ്ഠിത നയതന്ത്രത്തിന്റെയും ഉറച്ച പ്രതിബദ്ധതയുടെ രാഷ്ട്രമായി ഇന്ത്യ മാറിയെന്നും രാജ്നാഥ് സിംഗ് വ്യക്തമാക്കി.

✪✪✪

ഗോവ രാജ്യാന്തര ചലച്ചിത്ര മേളയിലെ സുവർണ മയൂരം അടക്കം പുരസ്കാരങ്ങൾ വൈകിട്ട് പ്രഖ്യാപിക്കും. മികച്ച ചിത്രത്തിന് സുവർണ മയൂരവും 40 ലക്ഷം രൂപയുമാണ് പുരസ്കാരം.

മികച്ച നടൻ, സംവിധായകൻ തുടങ്ങിയവരെയും തിരഞ്ഞെടുക്കും. 80 രാജ്യങ്ങളിൽ നിന്ന് 240 ചലച്ചിത്രങ്ങളാണ് പ്രദർശനത്തിനുണ്ടായിരുന്നത്. മത്സര വിഭാഗത്തിൽ പതിനഞ്ച് ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

ഡോ. ശ്യാമപ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ വൈകീട്ട് സമാപന സമ്മേളനം ആരംഭിക്കും.

✪✪✪

മഹാത്മാ ജ്യോതിബ ഫൂലെയുടെ ചരമവാർഷിക ദിനത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷാ ആദരാഞ്ജലി അർപ്പിച്ചു. വിദ്യാഭ്യാസത്തെ സാമൂഹിക മാറ്റത്തിന്റെ കേന്ദ്രമായി കണക്കാക്കിയ മഹാനായ സാമൂഹ്യ പരിഷ്കർത്താവായിരുന്നു ജ്യോതിബ ഫൂലെയെന്ന് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയാകവെ മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ രംഗം കൂടുതൽ സജീവമാക്കി. സ്ഥാനാർത്ഥികൾ വീടുകളും കവലകളും കയറി പരമാവധി വോട്ടർമാരെ കാണാൻ ശ്രമിക്കുമ്പോൾ നേതാക്കൾ സംസ്ഥാനത്തെങ്ങും പൊതു യോഗങ്ങളിലും റോഡ് ഷോകളിലും പങ്കെടുക്കുന്ന തിരക്കിലാണ്. അടുത്തയാഴ്ചയോടെ വാർഡ് - പഞ്ചായത്ത് - മുനിസിപ്പൽതല റാലികൾക്ക്

തുടക്കമാകും. താര പ്രചാരകരെയും ദേശീയ സംസ്ഥാന നേതാക്കളെയും രംഗത്തിറക്കിയാണ് പ്രചാരണ രംഗം പൊലിപ്പിക്കുന്നത്.

✪✪✪

യുവതിയുടെ ലൈംഗിക പീഡന പരാതിയിൽ രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്കെതിരെ പൊലീസ് കേസെടുത്തു. വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചുവെന്നും, നിർബന്ധിച്ച് ഗർഭച്ഛിദ്രം നടത്തിയെന്നും ആരോപിച്ചാണ് കേസെടുത്തത്. നെടുമങ്ങാട് വലിയമല സ്റ്റേഷനിലാണ് കേസ് ആദ്യം രജിസ്റ്റർ ചെയ്തത്. പിന്നീട് നേമം പൊലീസിന് കേസ് കൈമാറി.

രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ സുഹൃത്ത് ജോബി ജോസഫിനെനെയും കേസിൽ പ്രതി ചേർത്തു. ഗർഭച്ഛിദ്രം നടത്താൻ രാഹുലിന്റെ നിർദേശപ്രകാരം ബെംഗലൂരുവിൽ നിന്ന് യുവതിക്ക് ഗുളിക എത്തിച്ചു നൽകിയത് ജോബി ജോസഫാണെന്ന മൊഴിയുടെ അടിസ്ഥാനത്തിലാണ് നടപടി.

പത്തനംതിട്ട അടൂർ സ്വദേശിയായ ജോബി ഡോക്ടറുടെ കുറിപ്പില്ലാതെയാണ് മരുന്ന് എത്തിച്ചു നൽകിയതെന്നും യുവതിയുടെ മൊഴിയിലുണ്ട്.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെതിരായ പരാതിയിൽ നിയമം നിയമത്തിന്റെ വഴിയ്ക്ക് പോകട്ടെയെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. പരാതി ഉയർന്നപ്പോൾ തന്നെ രാഹുലിനെ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനത്തുനിന്ന് മാറ്റിയിരുന്നുവെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ശബരിമല സ്വർണപാളി കേസിൽ പ്രതികളായി CPIM നേതാക്കൾ ജയിലിൽ കഴിയുമ്പോൾ ആ വിഷയത്തിൽ നിന്നും ശ്രദ്ധ മാറ്റാനാണ് LDF ഗവണ്മെന്റിന്റെ ശ്രമമെന്നും വേണുഗോപാൽ കുറ്റപ്പെടുത്തി.

✪✪✪

തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ വിവാദങ്ങൾ ഉണ്ടാക്കുന്നത്, CPIM ന്റെ പതിവ് ശൈലിയാണെന്ന് UDF കൺവീനർ അടൂർ പ്രകാശ് പറഞ്ഞു. ശബരിമല സ്വർണ്ണത്തട്ടിപ്പ് കേസിലെ ശ്രദ്ധ തിരിച്ചുവിടാനും ജയിലിലായ CPIM നേതാക്കളെ രക്ഷിക്കാനുമാണ് രാഹുൽ മാങ്കൂട്ടത്തിലിനെതിരായ പരാതിയിൽ ഇപ്പോൾ ഗവണ്മെന്റ് എടുക്കുന്ന കേസെന്നും അദ്ദേഹം പത്തനംതിട്ടയിൽ കുറ്റപ്പെടുത്തി. രാഹുലിനെ പാർട്ടിയിൽ നിന്നും മാറ്റി നിർത്താൻ കോൺഗ്രസ്സ് പാർട്ടി ഒറ്റക്കെട്ടായാണ് തീരുമാനം എടുത്തത്. രാഹുലിനെതിരെ യുവതി നൽകിയ പരാതിയിൽ അന്വേഷണം നടക്കട്ടെയെന്നും സത്യം പുറത്ത് വരട്ടെ എന്നും UDF കൺവീനർ പറഞ്ഞു.

✪✪✪

MLA യ്ക്കെതിരായ പീഡന പരാതിയിൽ നിയമം നിയമത്തിന്റെ വഴിക്ക് നീങ്ങട്ടെയെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും അഭിപ്രായപ്പെട്ടു. പാർട്ടിയെന്ന നിലയിൽ രാഹുൽ മാങ്കൂട്ടത്തിലിനെതിരെ എടുക്കാവുന്ന നടപടികൾ കോൺഗ്രസ് സ്വീകരിച്ചതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ഇരയെ മുഖ്യമന്ത്രിയുടെ മുന്നിലെത്തിച്ചത് രാഹുൽ മാങ്കൂട്ടത്തിലിന്റെ നടപടികൾ തന്നെയാണെന്ന് രാജ്മോഹൻ ഉണ്ണിത്താൻ MP യും വിലയിരുത്തി.

✪✪✪

ശ്രീലങ്കയിൽ ദിത്വാ ചുഴലിക്കാറ്റിൽ മരിച്ചവരുടെ എണ്ണം 56 ആയി. 21 പേരെ കാണാതായി. ഒരു ഡസനിലധികം ജില്ലകളിലാണ് കൊടുങ്കാറ്റും, പേമാരിയും നാശം വിതച്ചത്. 12,000 ത്തിലധികം കുടുംബങ്ങളിലെ 44,000 ത്തോളം പേരെ വെള്ളപ്പൊക്കം ബാധിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് മറ്റന്നാൾ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും. മൻ കി ബാതിന്റെ 128-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലൂടെയും ദൂരദർശനിലൂടെയും മൻ കി ബാത് കേൾക്കാം.

പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക ഭാഷകളിൽ പ്രസംഗത്തിന്റെ പരിഭാഷ, പ്രക്ഷേപണം ചെയ്യും. രാത്രി എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

ശബരിമലയിൽ 12 വിളക്ക് ദിനമായ ഇന്ന് വൻ ഭക്തജനത്തിരക്ക്. രാവിലെ നട തുറന്നതു മുതൽ 50,000 ത്തോളം പേർ ദർശനത്തിനെത്തി. 3,907 പേർ സ്പോട്ട്ബുക്കിംഗിലൂടെ ദർശനം നടത്തി.

✪✪✪

ശബരിമലയിൽ അന്നദാനത്തിന്റെ ഭാഗമായി ചൊവ്വാഴ്ച മുതൽ ഭക്തർക്ക് സദ്യ നൽകുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. K ജയകുമാർ അറിയിച്ചു. ഏഴ് വിഭവങ്ങൾ അടങ്ങിയ സദ്യ ഉച്ചയ്ക്ക് 12 മുതൽ മൂന്ന് വരെയാണ്. നിലവിൽ 4,000 ത്തോളം ഭക്തരാണ് ദിവസവും അന്നദാനത്തിൽ പങ്കെടുക്കുന്നത്. സദ്യ നടപ്പാക്കി തുടങ്ങിയാൽ ഭക്തരുടെ എണ്ണം കൂടുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.

മണ്ഡലകാലം തുടങ്ങി രണ്ടാഴ്ച പിന്നിടുമ്പോൾ തീർത്ഥാടനം നല്ല നിലയിൽ പുരോഗമിക്കുന്നതായി ഡോ.ജയകുമാർ അറിയിച്ചു.

✪✪✪

ശബരിമലയിൽ കാനനപാത വഴി ഭക്തരുടെ വരവ് ക്രമീകരിക്കാനും, മുക്കുഴിയിൽ പുതിയ സ്പോട്ട് ബുക്കിംഗ് ആരംഭിക്കാനും തീരുമാനിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് ഡോ. K ജയകുമാർ അറിയിച്ചു. ഭക്തർ പരമ്പരാഗത പാതയിലൂടെ മാത്രം പോകണമെന്ന് ജയകുമാർ നിർദ്ദേശിച്ചു.

✪✪✪

ഇന്ത്യ-ശ്രീലങ്ക വനിതാ ട്വന്റി-20 പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങൾക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം വേദിയാകും. ഡിസംബർ 26, 28, 30 തീയതികളിലാണ് മത്സരങ്ങൾ. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിലെ നിർണായകമായ മൂന്നു മത്സരങ്ങൾക്ക് കേരളം സാക്ഷ്യം വഹിക്കും.

ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങളുടെ നിറവിൽ ലോക ചാമ്പ്യന്മാരായ ഇന്ത്യൻ ടീം തലസ്ഥാനത്ത് എത്തുന്നത് കായിക പ്രേമികൾക്ക് ഇരട്ടി മധുരമാകും. വിശാഖപട്ടണത്തെ ആദ്യ രണ്ട് മത്സരങ്ങൾക്ക് ശേഷം ഡിസംബർ 24-ന് ഇരു ടീമുകളും തിരുവനന്തപുരത്ത് എത്തിച്ചേരും. ലോക ജേതാക്കൾക്ക് ആതിഥ്യമരുളാൻ ലഭിച്ച അവസരം KCA യുടെ സംഘാടന മികവിന് ലഭിച്ച അംഗീകാരമാണെന്ന് പ്രസിഡണ്ടും ഇന്ത്യൻ വിമൻ ലീഗ് ചെയർമാനുമായ ജയേഷ് ജോർജ്ജ് പറഞ്ഞു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ് FC, കോഴിക്കോട് FC യെ നേരിടും. വൈകിട്ട് 7.30ന് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിലാണ് മത്സരം.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ

......(വോയ്സ്)...............

✪✪

സന്തോഷ്ട്രോഫി ദേശീയ ഫുട്ബോൾ ഫൈനൽ റൗണ്ട് മത്സരങ്ങൾ ജനുവരിയിൽ അസമിൽ നടത്താൻ തീരുമാനിച്ചു. ഗ്രൂപ്പ്ഘട്ട മത്സരങ്ങൾ ഡിസംബർ 15 മുതൽ 26 വരെ ഒൻപത് വേദികളിലായിരിക്കും. 35 ടീമുകളാണ്

ഒൻപത് ഗ്രൂപ്പുകളിലായി ഈ ഘട്ടത്തിൽ മത്സരിക്കുന്നത്. കഴിഞ്ഞ സീസണിൽ പശ്ചിമ ബംഗാൾ ചാമ്പ്യൻമാരും, കേരളം റണ്ണേഴ്സ് അപ്പുമായിരുന്നു.

✪✪✪

ചെന്നൈയിൽ പുരുഷ ജൂനിയർ ഹോക്കി ലോകകപ്പ് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. മലയാളിയായ മുൻ ഇന്ത്യൻ ഗോൾകീപ്പർ PR ശ്രീജേഷ് പരിശീലിപ്പിക്കുന്ന ഇന്ത്യൻ ടീം ഇന്ന് ചിലിയെ നേരിടും. രാത്രി എട്ടരയ്ക്കാണ് മത്സരം. ഒമാനും സ്വിറ്റ്സർലാൻഡുമാണ് ഗ്രൂപ്പിലെ മറ്റു ടീമുകൾ. ആകെ 24 ടീമുകളുണ്ട്.

✪✪✪

ഏഴിമല നാവിക അക്കാദമിയിൽ ബി.ടെക് പൂർത്തിയാക്കിയവർക്ക് ISRO ചെയർമാൻ ഡോ.V.നാരായണൻ ബിരുദ ദാനം നടത്തി. നാളെ രാവിലെ പാസിംഗ് ഔട്ട് പരേഡിൽ സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ മുഖ്യാതിഥിയാവും.

✪✪✪

സ്വർണ്ണവില ഇന്ന് വർധിച്ചു. പവന് 520 രൂപ ഉയർന്ന് 94,200 രൂപലെത്തി. 11,775 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കൊളംബോയിലേക്ക് പോകുകയായിരുന്ന നാല് വിമാനങ്ങൾ തിരുവനന്തപുരം വിമാനത്താവളത്തിലിറക്കി. മോശം കാലാവസ്ഥയെ തുടർന്നാണ് ദോഹയിൽ നിന്നും ദുബായിൽ നിന്നും പുറപ്പെട്ട രണ്ട് വിമാനങ്ങളും, ശ്രീലങ്കൻ എയർലൈൻസിന്റെ രണ്ട് വിമാനങ്ങളും തിരുവനന്തപുരത്ത് ഇറക്കിയത്.

✪✪✪

മലപ്പുറം മഞ്ചേരി ഒതായി മനാഫ് വധക്കേസിൽ മൂന്ന് പ്രതികളെ മഞ്ചേരി അഡീഷണൽ ജില്ലാ സെഷൻസ് കോടതി വെറുതെവിട്ടു. ഒന്നാം പ്രതിക്കെതിരെ കുറ്റം നിലനിൽക്കുമെന്നും കോടതി വിധിച്ചു. ഒതായി പള്ളിപ്പറമ്പൻ മനാഫിനെ 1995 ഏപ്രിൽ 13ന് അടിച്ചും കുത്തിയും കൊലപ്പെടുത്തിയെന്നാണ് കേസ്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRT: അനിൽ ചന്ദ്രൻ*
*DEO: ഷീബ*